**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2213 18-07-2016 -ൽ മറുപടിക്ക്

**പരവൂർ പുറ്റിങ്ങൽ ക്ഷേത്ര വെടിക്കെട്ട് അപകടം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ജി.എസ്.ജയലാൽ** | | **ശ്രീ.ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഹൗസിംഗും വകുപ്പ് മന്ത്രി)** |
| എ) | പരവൂർ പുറ്റിങ്ങൽ ക്ഷേത്ര വെടിക്കെട്ട് അപകടവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള മരണങ്ങൾ, നഷ്ടപരിഹാര സഹായ വിതരണം, കഷ്ടനഷ്ടങ്ങൾ വിലയിരുത്തൽ, പുനരധിവാസം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഏത് ഉദ്യോഗസ്ഥനെയാണ് നിയോഗിച്ചത്; ഇതിനായി കേന്ദ്രീകൃത സംവിധാനം നിലവിലുണ്ടോ;വിശദാംശം വ്യക്തമാക്കുമോ; | എ) | പരവൂർ പുറ്റിങ്ങൽ ക്ഷേത്ര വെടിക്കെട്ട് അപകടവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള മരണങ്ങൾ, നഷ്ടപരിഹാര സഹായ വിതരണം, കഷ്ടനഷ്ടങ്ങൾ വിലയിരുത്തൽ, പുനരധിവാസം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പൊതുവായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടില്ല. പ്രസ്തുത അപകടവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ, മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായ വിതരണത്തിനും പരിക്കേറ്റവർക്കുള്ള ധനസഹായത്തിനും ബന്ധപ്പെട്ട തഹസീൽദാർമാരെയും, പരുക്കിന്റെ തീവ്രത, ആശുപത്രി സംബന്ധമായ കാര്യങ്ങൾ എന്നിവ ഏകോപിപ്പിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ പ്രസ്തുത അപകടസമയത്ത് അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഡെപ്യൂട്ടി കളക്ടർ (എൽ.എ.-എൻ.എച്ച്) -നെ ചുമതലപ്പെടുത്തിയിരുന്നു. ഇടുക്കി ജില്ലയിൽ ഈ അപകടവുമായി ബന്ധപ്പെട്ട മരണങ്ങൾ, നഷ്ടപരിഹാര സഹായ വിതരണം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ജില്ലാ കളക്ടറെയാണ് നിയോഗിച്ചിട്ടുള്ളത്. പത്തനംതിട്ട, കണ്ണൂർ എന്നീ ജില്ലകളിൽ ഇതിനായി പ്രത്യേകം ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടില്ല. ഇതിനായി കേന്ദ്രീകൃത സംവിധാനം നിലവിലില്ല. |
| ബി) | വിവിധ ജില്ലകളിൽപ്പെട്ടവർക്ക് മരണം സംഭവിക്കുകയും പരിക്കേൽക്കുകയും ചെയ്ത സാഹചര്യം പരിഗണിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, പ്രാവർത്തികമാക്കുന്നതിനും കേന്ദ്രീകൃത സ്വഭാവത്തിൽ ഒരു ഓഫീസിനേയോ, ഉദ്യോഗസ്ഥനേയോ ചുമതലപ്പെടുത്തുവാൻ തയ്യാറാകുമോ? | ബി) | നിലവിൽ ഇക്കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ